# ചിലയ്ക്കുന്ന ചലനം

[പ്രൊഫസ്സർ (ഡോ:) ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]

ഭൂമിയോളം വലുപ്പമുള്ള
ഒരു പക്ഷിക്കൂട് –
അതോയത്
താളവികാസത്തിന്റെ
പ്രപഞ്ചത്തോളമോ?
ഒത്ത നടുവിൽ
എന്റെ ഭാഷയിൽ
സംസാരിക്കുന്ന തത്ത.

കൂടിന്റെ പരിധിയിൽ
അതുല്യ ബിന്ദുവിൽ
ജനിച്ചു മുളപൊട്ടുന്ന ജാതകം.
ഞാൻ തത്തയെ ചുറ്റുന്നോ?
തത്ത എന്നെയോ?

ദൃഷ്ടിയിൽ പതിയുന്ന
ആയതും ആകാത്തതുമായ
കാഴ്ച്ചകൾ പരുവപ്പെടുത്തുന്ന
സെയ്ലുലോയിഡ് തുണ്ടുകൾ.
എത്രയെത്ര അറിയപ്പെടാത്തോർ
ഗോളപ്പരപ്പിലെ അകലങ്ങളിൽ
പിറന്നുവളർന്ന് കൂടെത്താൻ
കൂട്ടുതേടി അലയുന്നു!

താഴത്തു തുടങ്ങി
ആഴത്തിൽ ഉയർന്ന്
അനായാസം ഇറങ്ങി
ഉൾച്ചലനം നിറുത്തുന്ന
പഞ്ചവാദ്യ ഭൂതബോധത്തിന്റെ
പരകോടിയിലെ നിശ്ശ്യൂന്യതയിൽ –

സുരത,ലയത്തളർച്ചയിൽ –
അർദ്ധസ്വര,യനാവൃത്തങ്ങളുടെ
പരിസരക്കാഴ്ചകൾ മറന്ന്
ഉറങ്ങുന്ന തത്തയെപ്പിടിക്കാൻ
കേന്ദ്രബിന്ദുവിലേക്കു
നിരന്തരപ്രയാണം!

ചുറ്റളവിൽ ഇടത്തിങ്ങുന്ന
ജനസാന്ദ്രതയുടെ പുള്ളികൾ
നടന്നോടിക്കിതച്ച്
കൂട്ടിയിടിച്ചു തകർന്ന്
മദ്ധ്യഗോപുരത്തിൽ
തടവിലുള്ള ശാരികപ്പെണ്ണിനെ
എത്തിപ്പിടിച്ചൊതുക്കാൻ
രേഖാംശങ്ങളിലും
അക്ഷാംശങ്ങളിലും
നെടുംപാച്ചൽ!

വർണ്ണക്കിളിയെ
മറുഭാഷ പഠിപ്പിക്കാൻ
ദീർഘദൂരയോട്ടമത്സര-
ങ്കഴിഞ്ഞെത്ത്യോരെല്ലാം
കാണുന്നതൊരേക്കാഴ്ച്ച,
കേൾക്കുന്നതൊരേക്കേൾവി:
എല്ലാമൊന്നെന്നയദ്വൈതവും
അറ്റങ്ങൾമാത്രങ്കാണും ദ്വൈതവും
സമവായമുരുവിടും ത്രിത്വവും
അലിഞ്ഞുകലർന്ന ആഴക്കടലിലെ
പെരുങ്കാറ്റിൽ തകരുന്ന
വൻവടവൃക്ഷത്തിൽത്തീർത്ത
അവിനാശിപ്പെട്ടകത്തിൽനിന്നും
ഒലിവില കൊത്തിപ്പറന്ന്
പ്രഭവം തേടിയലയുമ്പോൾ
ശുകനാരിയുടെ ചിലപ്പി,നൊലിയ്ക്ക്
ഒരേ ചരണാന്ത്യം:
“പൂച്ച വന്നു

പൂച്ച പോയി
പുരുഷാരത്തിന്റെ
പൂച്ചും പോയി
പുറമ്പൂച്ചും പോയി!"
*****************************************************************************